**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5038** **20-03-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സ്വീകരിച്ചുവരുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടിട്ടുണ്ട്. കെട്ടിടത്തിന്റെ ഉദ്ഘാടനവും, താക്കോൽ കൈമാറ്റവും നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായി ആകെ ചെലവാക്കിയ തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 14,56,14,602/- രൂപ അനുവദിച്ചതിൽ നിന്നും 11,72,76,968/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലമ്പുഴ ഐ.ടി.ഐ.യിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് ഒരുക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിശദമാക്കാമോ; എത്ര പുതിയ ക്ലാസ് മുറികളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | മലമ്പുഴ ഐ.ടി.ഐ.യിലെ പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ 8 ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസുകളായി ഉയർത്തിയിട്ടുണ്ട്. രണ്ട് നിലകളോട് കൂടിയ പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ 10 സ്മാർട്ട് ക്ലാസ് റൂമുകളും 3 പുതിയ വർക്ക്ഷോപ്പുകളും, പബ്ലിക് അഡ്രസിംഗ് സിസ്റ്റത്തോടു കൂടിയ Air conditioned സെമിനാർ ഹാളും, ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, വി.ഐ.പി വിസിറ്റേഴ്സ് റൂമുകളും, വിശാലമായ ഓഫീസ്, സ്റ്റോർ, ലൈബ്രറി, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കളിസ്ഥല നിർമ്മാണം, കുടിവെള്ള സ്രോതസിനായി sump tank നിർമ്മാണം, Fire fighting പ്രവൃത്തികൾ, HVAC പ്രവൃത്തികൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ